**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3613 | 20.06.2019 ൽ മറുപടിക്ക്

## കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഡയാലിസിസ് സൗകര്യം

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഡയാലിസിസ് അവശ്യമായ രോഗികളുടെ എണ്ണം വർദ്ധിച്ച വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ജീവിതശൈലീരോഗങ്ങൾ വർദ്ധിച്ച വരുന്നതിനോടൊപ്പം തന്നെ അതിന്റെ സങ്കീർണതകളായ വൃക്കരോഗങ്ങൾ ഉൾപ്പടെയുള്ള രോഗങ്ങളും വർദ്ധിച്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ അത് കുറച്ചുകൊണ്ടുവരുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | ജീവിതശൈലീരോഗങ്ങളായ പ്രമേഹം, രക്താതി സമ്മർദ്ദം തുടങ്ങിയ രോഗങ്ങളാണ് വൃക്കരോഗങ്ങൾ പോലെയുള്ള സങ്കീർണരോഗങ്ങളിലേക്ക് നയിക്കുന്നത്. അതുകൊണ്ട് തന്നെ ഈ രോഗങ്ങൾ വരാതിരിക്കുന്നതിന് ഇതിന്റെ ചികിത്സാവിധിയായ ഡയാലിസിസ് കുറയ്ക്കുന്നതിനും ജീവിത ശൈലീരോഗങ്ങൾ നിയന്ത്രിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ട് കൊണ്ട് സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയായ അമൃതം ആരോഗ്യം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ സ്ഥാപനങ്ങളിലൂടെ പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്.<br><br>30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ജീവിത ശൈലി രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് വിദഗ്ധർ തയ്യാറാക്കിയ പ്രോട്ടോകോൾ പ്രകാരമുള്ള മരുന്നുകളും ചികിത്സയും നൽകുക, രോഗങ്ങൾ മൂർദ്ധന്യാവസ്ഥയിലേക്ക് മാറാതെ സംരക്ഷിക്കുക, ആരോഗ്യ ബോധവൽക്കരണം നടത്തുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. ഇതിനായി സംസ്ഥാനത്ത് എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും, കുടുംബക്ഷേമ ഉപ കേന്ദ്രങ്ങളിലും, ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിലും ജീവിതശൈലി രോഗനിയന്ത്രണ ക്ലിനിക്കുകൾ ആരംഭിക്കുകയുണ്ടായി. നാളിതുവരെ 1 കോടി 33 |

| | | | |
|---|---|---|---|
| | | | ലക്ഷം ആൾക്കാരെ സ്ക്രീനിംഗിന് വിധേയമാക്കുകയും 8.9 ലക്ഷത്തിൽപരം പുതിയ പ്രമേഹരോഗികളെയും 10.1 ലക്ഷത്തിൽപരം പുതിയ രക്താദിസമ്മർദ്ദമുള്ളവരെയും കണ്ടെത്താൻ സാധിക്കുകയും ചെയ്തു.<br><br>കൃത്യമായ ജീവിതശൈലീരോഗ നിയന്ത്രണത്തിലൂടെ സങ്കീർണ്ണതകൾ കുറയ്ക്കാൻ സാധിക്കുന്നതിനും അതിലൂടെ ഡയാലിസിസ് പോലെയുള്ള ചികിത്സാവിധികൾ കുറയ്ക്കാൻ സാധിക്കുന്നതുമാണ്. ഇതിനായി ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനും വൃക്കരോഗങ്ങൾ പോലയുള്ള സങ്കീർണതകൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള പരിശോധന സംവിധാനങ്ങൾ ഉൾപ്പെടുത്തുന്നതിനും ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ആരോഗ്യവകുപ്പിന് കീഴിൽ ഡയാലിസിസ് സംവിധാനം ഇല്ലാത്ത നിയോജകമണ്ഡലങ്ങൾ സംസ്ഥാനത്തുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | ഡയാലിസിസ് യൂണിറ്റ് ഇല്ലാത്ത നിയോജക മണ്ഡലത്തിന്റെ പേര് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.<br>**1. തിരുവനന്തപുരം ജില്ല**<br>വർക്കല, വാമനപുരം, കഴക്കൂട്ടം, വട്ടിയൂർക്കാവ്, നേമം, അരുവിക്കര, കോവളം, ആറ്റിങ്ങൽ, കാട്ടാക്കട<br>**2 കൊല്ലം ജില്ല**<br>കുന്നത്തൂർ, പത്തനാപുരം, ഇരവിപുരം, ചാത്തന്നൂർ, കുണ്ടറ<br>**3. പത്തനംതിട്ട**<br>ആറന്മുള<br>**4. ആലപ്പുഴ ജില്ല**<br>അരൂര്, അമ്പലപ്പുഴ, കുട്ടനാട്<br>**5. കോട്ടയം ജില്ല**<br>പാലാ, കടുത്തുരുത്തി, വൈക്കം, ഏറ്റുമാനൂർ, പുതുപ്പള്ളി, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി<br>**6. ഇടുക്കി ജില്ല**<br>ദേവികുളം, ഉടുമ്പൻചോല, ഇടുക്കി, പീരുമേട്<br>**7. എറണാകുളം ജില്ല**<br>അങ്കമാലി, വൈപ്പിൻ, തൃക്കാക്കര, കുന്നത്തുനാട്, മൂവാറ്റുപുഴ, കോതമംഗലം<br>**8. തൃശ്ശൂർ ജില്ല**<br>ചേലക്കര, ഗുരുവായൂർ, മണലൂർ, വടക്കാഞ്ചേരി, ഒല്ലൂര്, നാട്ടിക, ഇരിങ്ങാലക്കുട, പുതുക്കാട്<br>**9. പാലക്കാട് ജില്ല**<br>പട്ടാമ്പി, കൊണ്ടോട്ടി, മലമ്പുഴ, തരൂർ, നെൻമാറ, ചിറ്റൂർ & ആലത്തൂർ<br>**10. മലപ്പുറം ജില്ല**<br>തവനൂർ, കോട്ടയ്ക്കൽ, താനൂർ, തിരൂരങ്ങാടി, വള്ളിക്കുന്ന്, വേങ്ങര, മലപ്പുറം, മങ്കട, പെരിന്തൽമണ്ണ, വണ്ടൂർ, ഏറനാട്. |

| | | | |
|---|---|---|---|
| | | | 11. **കോഴിക്കോട് ജില്ല**<br>കൊയിലാണ്ടി, നാദാപുരം, എലത്തൂർ, കോഴിക്കോട് സൗത്ത്, കുന്ദമംഗലം, താമരശ്ശേരി<br>12. **കണ്ണൂർ ജില്ല**<br>ഇരിക്കൂർ, അഴിക്കോട്, ധർമ്മടം<br>13. **കാസറഗോഡ് ജില്ല**<br>മഞ്ചേശ്വരം, ഉദുമ |
| (ഡി) | പ്രസ്തുത നിയോജകമണ്ഡലങ്ങളിലെ പ്രധാന കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്താൻ ആലോചിക്കുമോ; വിശദവിവരങ്ങൾ നൽകുമോ? | (ഡി) | നിലവിൽ ജില്ലാ/താലൂക്ക് ആശുപത്രികളിലാണ് ഡയാലിസിസ് യൂണിറ്റ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ